## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി ഇന്ന് അവസാനിക്കും.

   The deadline for withdrawal of nomination papers for the assembly elections in Kerala, Assam and Puducherry ends today.

2. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തം. രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പെടെ രംഗത്ത് സജീവം.

   The campaign for the assembly elections in the state is in full swing. Senior leaders of political parties are also active in the campaigns.

3. പശ്ചിമേഷ്യൻ രാജ്യങ്ങൾക്കെതിരെയുള്ള ഇറാൻ ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമെന്ന് ഐക്യരാഷ്ട്രസഭ. യുദ്ധം അവസാനിപ്പിക്കാൻ നയതന്ത്ര ചർച്ചകൾ അനിവാര്യമെന്ന് യു.എൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ്.

   United Nations Human Rights Council, UNHRC has strongly condemned Iranian attacks targeting West Asian countries. UN Secretary-General Antonio Guterres has said that the ongoing West Asia conflict can be solved only through diplomatic talks.

4. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിൻറെ രണ്ട് ദിവസത്തെ ഫ്രാൻസ് സന്ദർശനത്തിന് ഇന്ന് തുടക്കം.

External Affairs Minister S. Jaishankar's two-day visit to France begins today.

5. ആന്ധ്രാപ്രദേശിൽ സ്വകാര്യ ബസ് ടിപ്പറുമായി കൂട്ടിയിടിച്ച് 13 പേർ മരിച്ചു. സംഭവത്തിൽ ദുഖം രേഖപ്പെടുത്തി രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പടെയുള്ള പ്രമുഖർ.

13 people died in an accident followed by a collision between a private bus and a tipper lorry in Andhra Pradesh. The President, Vice President Prime Minister among others expressed grief over the incident.

6. മാലെയിൽ നടക്കുന്ന സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

India will face Pakistan today in the SAFF Under-20 Football Championship to be held in Male.

*******************

## Nomination Paper

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനും നാല് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിനുമുള്ള നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി ഇന്ന് അവസാനിക്കും. ഉച്ചകഴിഞ്ഞ് 3 മണി വരെയാണ് സമയം. ഇതോടെ മൽസര രംഗത്തിൻറെ ചിത്രം തെളിയും. കേരളത്തിൽ ഇതിനകം 14 സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചു. അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന്.

*******************

## Election campaign

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഉച്ചസ്ഥായിയിൽ. എൽഡിഎഫ് സ്ഥാനാർഥികളുടെ പ്രചാരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം

നേതാവുമായ പിണറായി വിജയൻ ഇന്ന് എറണാകുളം ജില്ലയിൽ പര്യടനം നടത്തും. നാളെ അദ്ദേഹം തൃശ്ശൂരിൽ വിവിധ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഞായറാഴ്ച തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ്ഗോപി ഇന്ന് കോഴിക്കോട് ബേപ്പൂർ മണ്ഡലത്തിൽ റോഡ് ഷോയിൽ പങ്കെടുക്കും. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. - ഇന്ന് കണ്ണൂർ ജില്ലയിൽ യു.ഡി.എഫിൻറെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

*******************

## PUDUCHERRY NOMINATION

പുതുച്ചേരി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ സമർപ്പിച്ച 514 നാമനിർദ്ദേശ പത്രികകളിൽ 411 എണ്ണം അംഗീകരിച്ചു, 103 എണ്ണം നിരസിക്കപ്പെട്ടു. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ആകെ 366 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

*******************

## IDUKKI -ELECTION

സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. വന്യമൃഗശല്യവും നെറ്റ്‌വർക്ക് പരിമിതികളും കണക്കിലെടുത്ത് വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് അധികൃതർ അറിയിച്ചു. മൂന്ന് പോളിംഗ് ബൂത്തുകളാണ് പഞ്ചായത്തിൽ ക്രമീകരിക്കുന്നത്.

2010-ൽ രൂപീകൃതമായ ഇടമലക്കുടി പഞ്ചായത്തിൽ 1800-ഓളം വോട്ടർമാരാണുള്ളത്.

*******************

## ALAPPUZHA-ELECTION

കായംകുളം മണ്ഡലത്തിലെ സ്ഥാനാർഥി യു പ്രതിഭക്കെതിരെയുണ്ടായ അധിക്ഷേപകരമായ പരാമർശത്തിൽ

കേസെടുക്കാൻ ജില്ലാ കളക്ടർ പൊലീസിന് നിർദേശം നൽകി. മാതൃകാപെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടി. വിഷയത്തിലെ മാധ്യമ വാർത്തകളും സമൂഹ മാധ്യമ പോസ്റ്റുകളും പരിശോധിച്ച ശേഷമാണു തീരുമാനം.

*******************

## ELECTION (INTRO)

തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി വോട്ടർമാർക്ക് പണമോ സമ്മാനങ്ങളോ നൽകുന്നത് കർശനമായി വിലക്കി തെരഞ്ഞെടുപ്പു കമ്മീഷൻ .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

*******************

## JAISHANKAR-FRANCE

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് മുതൽ രണ്ട് ദിവസത്തെ ഫ്രാൻസ് സന്ദർശനം നടത്തും. പങ്കാളി രാജ്യങ്ങളുമായുള്ള ജി7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായാണ് സന്ദർശനം. യോഗത്തിൽ എസ്. ജയശങ്കർ മറ്റ് വിദേശകാര്യ മന്ത്രിമാരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*******************

## IRAN-AMERICA

പശ്ചിമേഷ്യൻ സംഘർഷം തുടരുന്നു. വെടിനിർത്തൽ ശ്രമങ്ങൾക്കായുള്ള അമേരിക്കയുടെ പതിനഞ്ച് നിർദ്ദേശം ഇറാൻ നിരസിച്ചു. പകരം ഇറാൻ അഞ്ച് നിർദേശങ്ങൾ മുന്നോട്ടു വച്ചു. വിഷയത്തിൽ ചർച്ച തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ സൗഹൃദ രാജ്യങ്ങളുടെ വാണിജ്യ കപ്പലുകൾക്ക് ഹോർമുസ് കടലിടുക്ക് ഉപയോഗിക്കാൻ ഇറാൻ അനുമതി നൽകിയതായി ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരഗ്ചി പറഞ്ഞു. അതേസമയം, പശ്ചിമേഷ്യൻ

സംഘർഷം സംബന്ധിച്ച സർവകക്ഷി യോഗത്തിൽ പ്രതിപക്ഷ പാർട്ടികൾ സർക്കാരിന് പൂർണ്ണ പിന്തുണ ഉറപ്പുനൽകിയതായി കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

*******************

## UN -US WEST ASIA(INTRO)

യുഎഇ, കുവൈറ്റ്, ബഹ്റൈൻ, ഒമാൻ, ഖത്തർ, സൗദിഅറേബ്യ, ജോർദാൻ എന്നിവയെ ലക്ഷ്യംവച്ചുള്ള ഇറാന്റെ ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ സമിതി. അതേസമയം അമേരിക്ക മുന്നോട്ടുവച്ച നിർദേശങ്ങൾ ഇറാൻ നിരസിച്ചത് പശ്ചിമേഷ്യയിലെ വെടിനിർത്തൽ ശ്രമങ്ങൾക്ക് തിരിച്ചടിയായി .

വിശദാംശങ്ങളിലേക്ക്....

(VOICE)

*ഇറാൻ നടത്തുന്ന പ്രത്യാക്രമണങ്ങൾ പശ്ചിമേഷ്യയുടെ സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണെന്ന് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ സമിതി അരോപിച്ചു. ദുരിതബാധിതർക്ക് ഉടനടി നഷ്ടപരിഹാരം നൽകണമെന്ന് ഇറാനോട് ആവശ്യപ്പെടുന്ന പ്രമേയം ജനീവയിൽ ചേർന്ന ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ സമിതിയുടെ അടിയന്തര സമ്മേളനം പാസാക്കി . എന്നാൽ അമേരിക്കയുടെ പതിനഞ്ചോളം നിർദേശങ്ങൾക്ക് പകരം ആക്രമണങ്ങൾ ഉടൻ അവസാനിപ്പിക്കുക, യുദ്ധ നഷ്ടപരിഹാരം നൽകുക, ഹോർമുസ് കടലിടുക്കിന് മേലുള്ള ഇറാന്റെ പരമാധികാരം പൂർണ്ണമായി അംഗീകരിക്കുക തുടങ്ങിയ അഞ്ച് നിർദേശങ്ങൾ ഇറാനും മുന്നോട്ടു വച്ചു. ചർച്ചകൾ സജീവമായി തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചെങ്കിലും ഇരുപക്ഷവും നിലപാടുകൾ കടുപ്പിച്ചതോടെ, പശ്ചിമേഷ്യയിലുടനീളം സംഘർഷം രൂക്ഷമാകുമെന്ന ആശങ്കയിലാണ് ലോകം.*

*ന്യൂസ്ഡെസ്ക് ആകാശവാണി...*

*******************

## UN CHIEF - IRAN WAR

പശ്ചിമേഷ്യയിലെ സംഘർഷങ്ങളിൽ ദരിദ്രരും ദുർബലരുമായ ജനങ്ങളാണ് ഏറ്റവും ബാധിക്കപ്പെടുന്നതെന്ന് മുന്നറിയിപ്പ് നൽകി

ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്. യുദ്ധം ഉടനടി അവസാനിപ്പിക്കണമെന്നും നയതന്ത്ര ചർച്ചകളും അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കുകയുമാണ് പ്രതിസന്ധിക്ക് പരിഹാരമെന്നും അദ്ദേഹം പറഞ്ഞു.

*******************

## Consumer Protection Authority

എൽപിജി ചാർജ്, ഇന്ധനച്ചെലവ് തുടങ്ങിയവയുടെ പേരിൽ ഉപഭോക്താക്കളിൽനിന്ന് അധിക തുക ഈടാക്കരുതെന്ന് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും നിർദ്ദേശം നൽകി. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നും നിയമലംഘനം ഉചിതമായി കൈകാര്യം ചെയ്യുമെന്നും അതോറിറ്റി അറിയിച്ചു. 1 9 1 5 എന്ന നമ്പറിൽ വിളിച്ചോ, NCH മൊബൈൽ ആപ്പ് വഴിയോ, ഇ--ജാഗ്രിതി പോർട്ടൽ വഴിയോ ഉപഭോക്താക്കൾക്ക് പരാതി നൽകാം.

*******************

## Andhra-Accident

ആന്ധ്രാപ്രദേശിൽ ഇന്ന് പുലർച്ചെ സ്വകാര്യ ബസ് ടിപ്പറുമായി കൂട്ടിയിടിച്ച് 13 പേർ മരിച്ചു. 22 പേർക്ക് പരിക്കേറ്റു. മൂന്ന് പേരുടെ നില ഗുരുതരമാണ്. മർകപുരം ജില്ലയിലെ റായവാരത്തിന് സമീപമാണ് അപകടം. ബസ് പൂർണ്ണമായും കത്തിനശിച്ചു. 35 പേർ ബസിൽ ഉണ്ടായിരുന്നു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു തുടങ്ങിയവർ ദുഖം രേഖപ്പെടുത്തി. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

*******************

## Ram Navami

രാജ്യത്തെ ജനങ്ങൾക്ക് രാമനവമി ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സത്യം, നീതി, ധർമ്മം എന്നിവയുടെ പാത പിന്തുടരാൻ ശ്രീരാമൻറെ ഇതിഹാസ ജീവിതയാത്ര വഴികാട്ടിയാകട്ടെയെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

*******************

## FOOTBALL- SAFF

സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ പുരുഷ ടീം ഇന്നിറങ്ങും. മാലെയിൽ നടക്കുന്ന മത്സരത്തിൽ പാകിസ്ഥാനാണ് എതിരാളികൾ. ശനിയാഴ്ച നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഗ്രൂപ്പ് ഘട്ടത്തിൽ രണ്ട് മത്സരങ്ങൾ മാത്രമുള്ളതിനാൽ, ഇന്ത്യയ്ക്ക് സെമിഫൈനലിൽ സ്ഥാനം ഉറപ്പാക്കാൻ ജയം അനിവാര്യമാണ്.

*******************

## IMD

പശ്ചിമ ബംഗാളിലും സിക്കിമിലും നാളെ വരെ കനത്ത മഴയ്ക്കും ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഹിമാചൽ പ്രദേശ്, ലഡാക്ക്, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസത്തേക്ക് ശക്തമായ കാറ്റിനും, ഇടിമിന്നലിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ കർണാടക, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും ഈ മാസം 28 വരെ ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുണ്ട്. അതേസമയം, കേരളം, മാഹി, കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ ഇന്ന് ഉഷ്ണ കാലാവസ്ഥ നിലനിൽക്കും.

*******************

## Weather-Kerala

സംസ്ഥാനത്ത് താപനില ഉയരുന്നു. ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിർദേശം നൽകി. പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം

ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം. പുറത്തേക്ക് ഇറങ്ങുമ്പോൾ തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കണമെന്നും നിർദേശം.

*******************

************

****